# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.13/2909/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/02/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.13/2909/2022 തീയ്യതി: 01/02/2023

## മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-08-2021 മുതൽ 21-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ റഷീദ് എം.പി., ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് ഫാറൂഖ്.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യൂസഫ്.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുജിത.പി.കെ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റംല കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.നിഷാദ് എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ശ്രീ.മുഹമ്മദ് റിസ.എ | സെക്രട്ടറി | 07-04-2021 | 08-04-2021 |
| ശ്രീ.നിഷാദ് എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-04-2021 | 25-04-2021 |
| ശ്രീ.മുഹമ്മദ് റിസ.എ | സെക്രട്ടറി | 26-04-2021 | 22-06-2021 |
| ശ്രീ.നിഷാദ് എസ് | സെക്രട്ടറി | 23-06-2021 | 30-06-2021 |
| ശ്രീ. മുജീബ് റഹ്മാൻ | സെക്രട്ടറി | 01-07-2021 | 01-10-2021 |
| ശ്രീ. സുരേഷ് എ | സെക്രട്ടറി | 02-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നിഷാദ് എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 25-07-2021 |
| ശ്രീമതി. സബീന ബീവി | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-07-2021 | 01-09-2021 |
| ശ്രീ. ദിലൻ ജോസ് ബി | അസിസ്റ്റന്റ് സെക്രട്ടറി | 02-09-2021 | 31-03-2022 |
| ശ്രീമതി.ആബിദ.പി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മുഹ്സിന .എം.കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അരുണിമ എ പി | ICDS സൂപ്പർവൈസർ | 01-04-2021 | 31-08-2021 |
| ശ്രീമതി. റഹീന എം | ICDS സൂപ്പർവൈസർ | 01-09-2021 | 31-03-2022 |
| ശ്രീമതി.സിന്ധു സത്യൻ | വെറ്ററിനറിസർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. ശ്രീകുമാർ പി എം | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ.സ്മിത ഇ ജെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ഷബ്ന കെ വി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-10-2021 |
| ഡോ. ആലിയാമ്മു ടി കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-11-2021 | 31-03-2022 |
| ശ്രീ.സോമൻ പി വി | വി.ഇ.ഒ | 01-04-2021 | 29-09-2021 |
| ശ്രീമതി. അൽ സുമയ്യ | വി.ഇ.ഒ | 30-09-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി. ബിസ്ന | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. മുഹമ്മദ് നിഷാം ഇ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - അപാകത | 1-12 |
| 13 | തനത് ഫണ്ട് മരവിപ്പിച്ചത്-തുടർ നടപടി സ്വീകരിച്ചിട്ടില്ല | 1-13 |
| 14 | തൊഴിൽ നികുതി പിരിവ് പൊതു അപാകതകൾ | 1-14 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത | 1-15 |
| 16 | കച്ചവടസ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല. | 1-16 |
| 17 | പ്രൊഫഷനലുകളിൽ നിന്നും തൊഴിൽ നീകുതി ഡിമാന്റ് ചെയ്യുന്നില്ല | 1-17 |
| 18 | ലൈസൻസ് അനുവദിക്കൽ -നടപടിക്രമങ്ങളിൽ പൊതു അപാകതകൾ | 1-18 |
| 19 | വസ്തു നികുതി വിജ്ഞാപന ഭേദഗതി നടപ്പിൽ വരുത്തിയില്ല. | 1-19 |
| 20 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല.കുടിശ്ശിക ഈടാക്കാൻ നടപടിയില്ല. | 1-20 |
| 21 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 1-21 |
| 22 | ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ അപാകതകൾ | 1-22 |
| 23 | ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ, ബങ്കുകൾ - വാടക പിരിച്ചെടുത്തിട്ടില്ല. | 1-23 |
| 24 | ലേലങ്ങൾ - ഫയൽ സൂക്ഷിപ്പിൽ ജാഗ്രതയില്ലായ്മ | 1-24 |
| 25 | ബജറ്റ് -മാന്വൽ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-25 |
| 26 | ദുരിതാശ്വാസ നിധി രൂപീകരിച്ച വിവരവും രേഖകളും ലഭ്യമാക്കിയില്ല | 1-26 |
| 27 | പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സം ചെയ്യുന്നു | 1-27 |
| 28 | വാടക കുടിശ്ശിക 11.80 ലക്ഷം രൂപ പിരിച്ചെടുത്തില്ല. | 1-28 |
| 29 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും | 1-29 |

| | | |
|---|---|---|
| | ഈടാക്കുന്നില്ല | |
| 30 | സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത | 1-30 |
| 31 | സ്യൂട്ട് രജിസ്റ്ററും ഫയലുകളും ഹാജരാക്കിയില്ല.ചെലവ് തടസ്സം ചെയ്യുന്നു | 1-31 |
| 32 | കന്നട അലവൻസ് നൽകിയത്- സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയില്ല. | 1-32 |
| 33 | വാർഡ് സാനിറ്റേഷൻ-ബാങ്ക് ഇടപാടുകളുടെ വിവരം ലഭ്യമാക്കിയില്ല | 1-33 |
| 34 | എം.ജി.എൻ.ആർ.ഇ.ജി.എസ് മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-34 |
| 35 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയില്ല | 1-35 |
| 36 | മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 1-36 |
| 37 | ന്യൂട്രിമിക്സ് പേയ്മെന്റിൽ ജി.എസ്.ടി. ടി.ഡി.എസ് നടത്തുന്നില്ല | 1-37 |
| 38 | ഇ-ടെണ്ടർ ഫീ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല | 1-38 |
| 39 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രവൃത്തി നിർവഹണം- അവലോകനം | 1-39 |
| 40 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം -സംബന്ധിച്ച് | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 2/2021, 21.02.2021 | 1/2022, 25.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2022 | 11.08.2022 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26406817 |
| വരവ് | 139853962 |
| ആകെ | 166260779 |
| ചെലവ് | 133486935 |
| നീക്കിയിരിപ്പ് | 32773844 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22705333 | 22705333 | 22705333 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9795000 | 9795000 | 9795000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 31836000 | 31836000 | 768952 | 31067048 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 8718447 | 8718447 | 2708733 | 6009714 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 14532337 | 14532337 | 3447952 | 11084385 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 6223762 | 6223762 | 4145000 | 2078762 |
| ബി ഫണ്ട് | 0 | 85556300 | 85556300 | 85556300 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 125463687 | 150 | 68104831 | - | 84 | 64.1 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1864 | 941110 | 942974 | 942974 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16436637 | 16436637 | 16436637 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | _ | _ |
| കർഷകതൊഴിലാളി പെൻഷൻ | 2466600 | 1652 |
| വിധവാപെൻഷൻ | 28893700 | 18423 |
| വാർദ്ധക്യകാലപെൻഷൻ | 45175600 | 30053 |
| വികലാംഗപെൻഷൻ | 7787400 | 4923 |
| വിവാഹ ധനസഹായം | 210000 | 7 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 972000 | 631 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ന് 22.11.2022 ,10 AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5455 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഫയലുകളിലെ സൂക്ഷിപ്പിലും രജിസ്റ്ററുകൾ പരിപാലിക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട്. അതുകൊണ്ട് തന്നെ ഓഡിറ്റ് വേളയിൽ പല ഫയലുകളും രജിസ്റ്ററുകളും യഥാസമയങ്ങളിൽ ലഭിക്കുന്നതിൽ കാലതാമസം വന്നിരുന്നു.
2. തൻവർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിരുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഓരോ മേഖലയിലുമുള്ള കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ ഇത്തരം പദ്ധതികൾ ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല.
3. മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.
4. വിവിധ ഓഡിറ്റുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ, ഫയൽ എന്നിവ പരിപാലിക്കുന്നില്ല.
5. ഹെഡ്മാസ്റ്റർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ GO(P)No.177/2006/Fin Dated.12.04.2006 Annexure B-V പ്രകാരമുള്ള പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. ഹെഡ്മാസ്റ്റർ TR7A കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.
7. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
8.അഡ്വാൻസ് രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.
9. ബങ്കുകളുടെ വാടകയിനത്തിലും വസ്തുനികുതിയിനത്തിലും കുടിശ്ശികയുള്ളത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്,

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.09.2022 | 14.09.2022 മുതൽ 15.09.2022 വരെ | 15.09.2022 |

| | | | |
|---|---|---|---|
| എ.ജി ഓഡിറ്റ് | 03.12.2012 | 2007-08 മുതൽ 2011-12 വരെ | 10.12.2012 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. അക്കൗണ്ടുകൾ പ്രതിമാസ റീകൺസിലിയേഷൻ നടത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.വാർഷിക കണക്ക് (B-5) പ്രകാരം ലോണിനത്തിൽ 2855510/- അടക്കുവാനുണ്ട്. ആയതിന്റെ ആധികാരികത പരിശോധിക്കാൻ ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. Source Deduction ആയി ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് 11,58,667/- രൂപ കുറവ് ചെയ്തിട്ടുണ്ടെങ്കിലും സുലേഖയിൽ 5,79,333/- രൂപയുടെ ചെലവ് മാത്രമേ ബുക്ക് ചെയ്തിട്ടുള്ളൂ.

5.ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ B-11 പ്രകാരമുള്ള ആസ്തികളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

6.വാർഷിക കണക്കിലെ B-7 ഷെഡ്യൂൾ പ്രകാരം 1324574/- രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

7. വാർഷിക കണക്കിലെ B-12 ഷെഡ്യൂൾ പ്രകാരം 55000/- രൂപ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാനായി ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററോ ബന്ധപ്പെട്ട രസീതികളോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8. ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 65106/- രൂപ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

9. വാർഷിക കണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലായി 2610857/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

10. B-17 പ്രകാരം ജലനിധി A/c No. 4307000100341557(PNB) പ്രകാരം 1298466 രൂപയാണ് 31.3.22 ലെ നീക്കിയിരിപ്പ്. എന്നാൽ B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 22430446/- ആണ്.

11. തൊഴിൽ നികുതി ,ഫാക്ടറി വ്യാപാരങ്ങൾക്കുള്ള ലൈസൻസ് , Rent From Building,Rent From Lease Of Land ,Bustand Receipts,Public Comfort Station എന്നിവയുടെ സംഗ്രഹം തയ്യാറാക്കി രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

12. 2020-21 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം 320700104', '320700209', '320700405' എന്നീ ഹെഡുകളിലായി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമായി ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ തന്നെയാണ് 2021-22 വർഷത്തിലും നീക്കിയിരിപ്പായി ധനകാര്യപത്രികയിൽ കാണിച്ചിട്ടുള്ളത്. ഇത് ഏതൊക്കെ പ്രൊജക്ടുകൾക്ക് ലഭിച്ച തുകകളുടെ നീക്കിയിരിപ്പാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

13. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-11a (Capital Work In Progress) ഷെഡ്യൂൾ പ്രകാരം 3648553 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 2020-21 വാർഷിക കണക്കിലും ഇതേ തുക തന്നെയാണ് ഉൾപ്പെട്ടിട്ടുള്ളത്.

14. വസ്തു നികുതി സഞ്ചയപ്രകാരമുള്ള DCB കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| Residential | | | |
|---|---|---|---|
| | ഡിമാന്റ് | വരവ് | ബാലൻസ് |
| സഞ്ചയ | 2959558 | 2440978 | 499935 |
| AFS | 2961681 | 2430880 | 530873 |
| Non Residential | | | |
| സഞ്ചയ | 2698640 | 2480473 | 253680 |
| AFS | 2689530 | 2423848 | 262670 |

(എൻക്വയറി നം.7/25.11.2022- മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - അപാകത

2021-22 ലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വിവിധപദ്ധതികൾക്കായി Source Deduction ആയി കുറവ് ചെയ്ത 3348667/-രൂപ ഗ്രാന്റ് സ്റ്റേറ്റ് മെന്റിൽ വരവായി ഉൾപ്പെട്ടിട്ടില്ല. എന്നാൽ താഴെപ്പറയുന്ന പദ്ധതികൾക്ക് ചെലവായി കണിക്കുകയും ചെയ്തു. വരവ് കാണിക്കാതെ ചെലവ് കാണിച്ചതിനാൽ നീക്കിയിരിപ്പ് മൈനസ് ബാലൻസായി. 2039333 രൂപ മൈനസ് ബാലൻസായാണ് നീക്കിയിരിപ്പ് കാണുന്നത്.

| ക്രമ നം | പ്രൊജക്റ്റ് നം | പദ്ധതി | തുക |
|---|---|---|---|
| 1 | 257/22 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 730000 |
| 2 | 258/22 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 730000 |
| 3 | 260/22 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) | 491333 |
| 4 | 259/22 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(എസ്.സി.പി) | 88000 |

## 1-13 തനത് ഫണ്ട് മരവിപ്പിച്ചത്-തുടർ നടപടി സ്വീകരിച്ചിട്ടില്ല

വാടക വരുമാനത്തിന് ബാധകമായ സേവന നികുതി വർഷങ്ങളായി ഒടുക്കിയിട്ടില്ലാത്തതിനാൽ എസ്.ബി.ഐ.കുറ്റിപ്പുറം ശാഖയിലെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലെ (നം.57052740347) 2410847 രൂപ സെൻട്രൽ ടാക്സ് &സെൻട്രൽ എക്സൈസ് മലപ്പുറം ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണറുടെ 04.01.2019ലെ C.No.V/4 /49/16-ARR/33 നം.കത്ത് പ്രകാരം മരവിപ്പിച്ചിട്ടുണ്ട്. ആയത് സക്രിയമാക്കാനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തനത് ഫണ്ട് അക്കൗണ്ടിലെ പ്രസ്തുത തുക നാളിതു വരെയായിട്ടും സക്രിയമാക്കാത്തതിനാൽ പഞ്ചായത്തിലെ ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയാതെ ഇടരുകയാണ്. തനത് ഫണ്ട് അക്കൗണ്ട് സക്രിയമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി പിരിവ് പൊതു അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് തൊഴിലിൽ ഏർപ്പെടുന്നവരിൽ നിന്നും ചട്ടപ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ആവശ്യമാണ്. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളിൽ പോരായ്മകളുണ്ട്.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവർ മേൽ ആക്റ്റ്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ/ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ മേൽ ആക്റ്റ്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളും/സ്ഥാപനങ്ങളും നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ് [നിയമം 205 ബി, ചട്ടം13 എന്നിവ കാണുക]. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടികൾ പൂർണമായി സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

2. 1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ തൊഴിൽ നികുതി ഒടുക്കുന്നതിന് ബാധ്യസ്ഥമാണെങ്കിൽ റിട്ടേൺ സമർപ്പിക്കാൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതും ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്. 2021-22 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും മുൻവർഷങ്ങളിൽ നികുതി അടവാക്കിയ പട്ടികയിലുള്ള സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ/ബാങ്കിംഗ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടുകയല്ലാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകുകയോ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

3.കെട്ടിട ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകി നിശ്ചിത ഫോറത്തിൽ വിവരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാർ, സ്ഥാപനങ്ങൾക്ക് ലൈസൻസ്

നൽകിയതിലെ വിവരങ്ങൾ ഉടങ്ങി ലഭ്യമായ എല്ലാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകുന്നതിന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഇപ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

4.നികുതി അടവാക്കാൻ ബാധ്യതപ്പെട്ടവരിൽ നിന്നും ആയത് പൂർണ്ണമായും ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി 18/28.11.22 പ്രകാരം നൽകിയ അന്വേഷണക്കുറിപ്പിന് ഉടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത

വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവ്/മൂലധന നിക്ഷേപം എന്നിവ അടിസ്ഥാനപ്പെടുത്തി ഡിമാന്റ് ചെയ്യേണ്ട സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകതയുണ്ടെന്ന് ലൈസൻസ് അപേക്ഷകളും ഈടാക്കിയ സ്ഥാപനനികുതി നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെ വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് ഇക്കാര്യത്തിൽ തുടർന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്. നികുതി ക്രമപ്രകാരം ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 കച്ചവടസ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ഒന്നും സ്വീകരിക്കുന്നില്ല. ലൈസൻസ് അപേക്ഷകളിൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം രേഖപ്പെടുത്തുന്ന സംഗതികളിലും അല്ലാത്തതിലും 1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം തൊഴിലുടമയിൽ നിന്നും ജീവനക്കാരുടെ വരുമാനം സംബന്ധിച്ച റിട്ടേൺ ആവശ്യപ്പെടുകയോ അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. ഇത് വലിയ തോതിലുള്ള വരുമാന ചോർച്ചക്ക് കാരണമാവുന്നു. കച്ചവട സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 പ്രൊഫഷനലുകളിൽ നിന്നും തൊഴിൽ നീകുതി ഡിമാന്റ് ചെയ്യുന്നില്ല

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ധാരാളം ആയുർവേദ/അലോപ്പതി മരുന്നു വിൽപ്പന ശാലകൾ പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും അവിടെ ജോലി ചെയ്യുന്ന ഫാർമസിസ്റ്റുകളിൽ നിന്നും ചട്ട പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യുതായി കാണുന്നില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള അത്തരം സ്ഥാപനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു. ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ മുഴുവൻ സ്ഥാപനങ്ങളും ഉൾപ്പെട്ടതായി കണക്കാക്കാനാവില്ല.

| ക്രമ നം | കെട്ടിട നമ്പർ | പേര്/സ്ഥാപനം |
|---|---|---|
| 1 | 17/800,801 | ഹമീദ്.ടി.സി, ബ്രദേഴ്സ് മെഡിക്കൽസ് |
| 2 | 17/480 | ഡോ.അബ്ദുൾ റഹീം ഗുരുക്കൾ, ചങ്ങമ്പള്ളി വൈദ്യശാല |
| 3 | 17/553 | നഹ്ല.വി.പി,നാസ് മെഡിക്കൽ |
| 4 | 18/820 | പി.ടി.കുഞ്ഞാലി ,ആയുർവേദ മരുന്ന് വിൽപ്പന |
| 5 | 17/581 | വി.വി.രാജേന്ദ്രൻ, കോട്ടക്കൽ ആര്യവൈദ്യശാല |
| 6 | 16/571 | ബാലഗോപാലൻ.കെ.പി, ഷിഫ മെഡിക്കൽസ് |
| 7 | 16/546 | ജിഷി ഗോവിന്ദ്,ഇംഗ്ലീഷ് മരുന്ന് വിൽപ്പന |
| 8 | 17/696 | കെ.രാമകൃഷ്ണൻ,കരുണ മെഡിക്കൽസ് |
| 9 | 16/565 | ഇസ്ഹാക്ക്.കെ.പി, സൂറത്ത് മെഡിക്കൽസ് |
| 10 | 17/1099 | കൃഷ്ണ പ്രസാദ്,ആശ്വാസ് കമ്മ്യൂണിറ്റി ഫാർമസി |
| 11 | 17/821,822 | ഹരിദാസൻ.കെ.വി,ശാന്തിഗിരി ആയുർവേദ, സിദ്ധ വൈദ്യശാല |

| | | |
|---|---|---|
| 12 | 16/559 | നന്ദനൻ,ഇംഗ്ലീഷ്,ആയുർവേദ മരുന്ന് വിൽപ്പന |
| 13 | 16/558 | പി.മാധവൻ നായർ, കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസി |
| 14 | 16/279 | എം.പി.രാമകൃഷ്ണൻ വൈദ്യർ |
| 15 | 16/596 | കുഞ്ഞിമൊയ്തീൻ കുട്ടി, നാഷനൽ മെഡിക്കൽസ് |
| 16 | 16/158,159,601,634 | കെ.പി.അബ്ദുൾകരീം, കോരോത്ത് |
| 17 | 14/151 | അബ്ദുൾറഹീം എ.പി, സുപ്രീം മെഡിക്കൽസ് |
| 18 | 18/713,715 | സ്മിത.കെ.ആർ, ഇമ്പിച്ചിബാവ കോ-ഓപ്പറേറ്റീവ് സൊസൈറ്റി-നീതി മെഡിക്കൽസ് |
| 19 | 5/277B | ജാഫർ ഹുസൈൻ,തങ്ങൾസ് വൈദ്യശാല |
| 20 | 14/94 | മൊയ്തീൻകുട്ടി കടാപറമ്പിൽ,മെഡിക്കൽ സ്റ്റോർ |
| 21 | 17/694 | യൂസഫ്,മാടമ്പിക്കാട്ടിൽ, ആയുർവേദ മരുന്നുകൾ |
| 22 | 17/733 | ഹൈദ്രോസ്.കെ.പി, ക്ലിനിക്കൽ ലബോറട്ടറി |
| 23 | 17/1099 | ഡേവിസ്.വി.എൻ, മറിയ മെഡിക്കൽസ് |
| 24 | 16/268 | ധന്യ ശിവാനന്ദൻ, ആയുർവേദ, സിദ്ധ മരുന്ന് വിൽപന |
| 25 | 17/1190 | ഹരിദാസൻ.സി.ടി, അലോപ്പതി മരുന്നുകൾ |
| 26 | 18/773,774 | മുഹമ്മദ് സുഹൈൽ, ജെൻ ഫാർമ കെയർ |
| 27 | 14/950 | മുഹമ്മദ് ഫാസിൽ കെ.ടി, ആദം കുട്ടി, പ്രൈം മെഡിക്കൽസ് |

തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് ഓഡിറ്റ് എൻക്വയറി 25/29.11.22 ന് മറുപടിയായി സെക്രട്ടറി അറിയിച്ചു. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-18 ലൈസൻസ് അനുവദിക്കൽ -നടപടിക്രമങ്ങളിൽ പൊതു അപാകതകൾ

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്ന ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ അവയിൽ അപാകതകൾ ഉള്ളതായി ബോധ്യപ്പെട്ടു.

1. ഭൂരിഭാഗം അപേക്ഷകളിലും തീർപ്പ് സംബന്ധമായി സെക്രട്ടറിയുടെ ഉത്തരവുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിലേക്ക് ലൈസൻസ് ഫീസും മറ്റുമായി വരവ് ലഭിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള കോളങ്ങളിലെ വിവരങ്ങൾ ചേർക്കാതെയും രേഖപ്പെടുത്തിയ വിവരങ്ങളുടെ കൃത്യത പരിശോധിക്കാതെയുമാണ് ലൈസൻസുകൾ അനുവദിച്ചത്. മൂലധന നിക്ഷേപം സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷയിൽ എപ്രകാരമാണ് ഫീസ് നിശ്ചയിച്ചതെന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല.

3) തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പിന്റെ 09.07.2021ലെ ആർ.സി.3/228/2020/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ലൈസൻസുകൾ പുതുക്കുമ്പോൾ അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷകളിന്മേൽ ശരിയായ ഫീൽഡ് പരിശോധന നടത്തിയാണോ ശുപാർശ ചെയ്യുന്നത് എന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ കുറിപ്പിന്(ഓഡിറ്റ് എൻക്വയറി 20/28.11.22) നടപടികൾ സ്വീകരിക്കും എന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-19 വസ്തു നികുതി വിജ്ഞാപന ഭേദഗതി നടപ്പിൽ വരുത്തിയില്ല.

സ ഉ(അ) 36/2015/തസ്വഭവ തിയതി 24/02/2015 പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് ബാധകമായ കെട്ടിടങ്ങളുടെ ഗണത്തിൽ 1) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2)വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് ഉറപ്പിന്റെ (അണ്ടർ ടേക്കിംഗ്) അടിസ്ഥാനത്തിൽ നിരക്ക്, 3) മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്, ഡവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4) ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയും കൂടി ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഭേദഗതി നടപ്പിൽ വരുത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/28.11.22) മറുപടിയൊന്നും ലഭ്യമാക്കിയില്ല. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി വിജ്ഞാപനം നടപ്പിൽ വരുത്തിയതിന്റെയും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ വസ്തുനികുതി തദനുസരണം പുനർനിർണ്ണയിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല.കുടിശ്ശിക ഈടാക്കാൻ നടപടിയില്ല.

2021-22 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകളിലെ വസ്തുനികുതി കണക്കുകൾ പ്രകാരം റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി പിരിവ് 80 ശതമാനവും നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി പിരിവ് 90.10 ശതമാനവുമാണ്. കുടിശ്ശിക കണക്ക് താഴെ പറയും പ്രകാരമാണ്.

റെസിഡൻഷ്യൽ - 5,30,873 രൂപയും

നോൺ റെസിഡൻഷ്യൽ -2,62,670 രൂപ

ആകെ 7,93,543 രൂപ

വർഷാരംഭ കുടിശ്ശിക ഡിമാന്റ്

റെസിഡൻഷ്യൽ കെട്ടിടങ്ങൾ - 14,93,386 രൂപ

നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങൾ -640761 രൂപ

ആകെ 21,34,147 രൂപ.

വർഷാരംഭ കുടിശ്ശികയിലെ കളക്ഷൻ-

റെസിഡൻഷ്യൽ 947013 രൂപ

നോൺ റെസിഡൻഷ്യൽ – 384667 രൂപ

ആകെ- 13,31,680 രൂപ. ഇതിലെ ആകെ കുടിശ്ശിക 7,32,154 രൂപയാണ്.

സാമ്പത്തിക വർഷാവസാനം ആകെ 15,25,697 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കാൻ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (ഓഡിറ്റ് എൻക്വയറി 16/28.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും പിരിച്ചെടുക്കാത്ത കാലഹരണപ്പെട്ട ഡിമാന്റുകൾ കണക്കാക്കി ആയത് ചുമതലയുള്ള പിരിവുദ്യോസ്ഥരുടെയും മേൽനോട്ട ചുമതലയുള്ളവരുടെയും ബാധ്യതയായി പരിഗണിച്ച് ഈടാക്കേണ്ടതുമാണ്.

## 1-21 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ(100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങളിൽ ചിലതിന് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 50/- രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് ഉള്ളതിനാലാണ് ഇത്തരത്തിൽ, ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ളതും

ചെറിയ മുറികളായി തിരിച്ചുമായ വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി, കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതിന് ഇടയാക്കുന്നതെന്ന് കരുതുന്നു. എന്നാൽ 2011ലെ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് തക്കതായ കാരണമുണ്ടെങ്കിൽ മാത്രം പ്രസ്തുത ചട്ടം ബാധകമാക്കുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ പരാമർശമെന്നത് വ്യക്തമാണ്. പുതിയ കെട്ടിടങ്ങളെ സംബന്ധിച്ച് ചട്ടം 4(1) പ്രകാരം ഓരോ ഇനം കെട്ടിടമായി പരിഗണിച്ച് ചട്ടം 5(2) പ്രകാരം നികുതി നിർണ്ണയിക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു വഴി നികുതി നഷ്ടം സംഭവിക്കുന്നു. താഴെ കൊടുത്ത കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിലാണ്(30/-) നികുതി നിർണ്ണയിച്ചിരിക്കുന്നത്.

| ക്ര.നം. | പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം ($M^2$) | ചുമത്തേണ്ട നികുതി+LC (@50/ M2) | ചുമത്തിയ നികുതി+LC | വ്യത്യാസം (നികുതി+ LC) | റിമാർക്സ് |
|---|---|---|---|---|---|---|---|
| | ശ്രീ.ഷൈജു, തിയ്യംതിരുത്തി | 2/628 | 20.00 | 900+45 | 540+27 | 360+18 | ആകെ ഇളവ് 10 % ------- 2/628 എന്നും 268A, 268B എന്നും തെറ്റായി നമ്പർ നൽകിയതാണോ എന്ന് പരിശോധിക്കേണ്ടതാണ്. |
| | | 2/268A | 15.96 | 719+36 | 431+22 | 288+14 | |
| | | 2/268B | 82.92 | 3732+187 | 1991+100 | 1741+87 | |
| | | ആകെ | 118.88 | | | 2389+119 | |
| | സൂര്യ സിറ്റി, ശ്രീ രാജീവ് &അതേഴ്സ് | 17/600A | 41.58 | 2287+114 | 1497+75 | 790+39 | ആകെ വർദ്ധനവ് : 600A മുതൽ 600H വരെ 20% 600I മുതൽ 600Q വരെ 15% 600R മുതൽ 600Wവരെ 10% ---------- [17/600Q (440.21m2)+17/600R (164.8m2)+17/600T (114.39m2)] എന്നീ നമ്പറുകൾക്ക് 50/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. --------- ആകെ കെട്ടിട വിസ്തീർണ്ണം 1936.75 m2 |
| | | 17/600B | 44.88 | 2693+135 | 1616+81 | 1077+54 | |
| | | 17/600C | 67.98 | 4079+204 | 2448+123 | 1631+81 | |
| | | 17/600D | 44.88 | 2693+135 | 1616+81 | 1077+54 | |
| | | 17/600E | 58.20 | 3492+175 | 2096+105 | 1396+70 | |
| | | 17/600F | 51.00 | 3060+153 | 1836+92 | 1224+61 | |
| | | 17/600G | 51.00 | 3060+153 | 1836+92 | 1224+61 | |
| | | 17/600H | 215.25 | 12915+646 | 7749+388 | 5166+258 | |
| | | 17/600I | 51.03 | 2935+147 | 1747+88 | 1188+59 | |
| | | 17/600J | 55.8 | 3209+160 | 1884+95 | 1325+65 | |
| | | 17/600K | 67.98 | 3909+195 | 2326+117 | 1583+78 | |
| | | 17/600L | 41.58 | 2391+120 | 1423+72 | 968+48 | |
| | | 17/600M | 51.00 | 2933+147 | 1745+88 | 1188+59 | |
| | | 17/600N | 63.00 | 3623+181 | 2155+108 | 1468+73 | |
| | | 17/600O | 40.8 | 2346+117 | 1396+70 | 950+47 | |
| | | 17/600P | 40.8 | 2346+117 | 1396+70 | 950+47 | |
| | | 17/600S | 12.00 | 660+33 | 389+20 | 271+13 | |
| | | 17/600U | 90.91 | 5001+250 | 2701+136 | 2300+114 | |
| | | 17/600V | 63.84 | 3512+176 | 1897+95 | 1615+81 | |
| | | 17/600W | 63.84 | 3512+176 | 1897+95 | 1615+81 | |
| | | ആകെ | 1217.35 | | | 29006 + 1443 | |
| | ശ്രീ.ഹസ്സൻ, തെക്കേപ്പാട്ട് തൊടിയിൽ | 5/522 A | 17.73 | 952+48 | 586+30 | 366+18 | ആകെ വർദ്ധനവ് 10% |
| | | 5/522 B | 28.60 | 1573+77 | 944+48 | 629+29 | |
| | | 5/522 C | 17.31 | 952+47 | 572+29 | 380+18 | |
| | | 5/522 D | 17.81 | 980+49 | 588+30 | 392+19 | |
| | | 5/522 F | 34.26 | 1885+94 | 1131+57 | 754+37 | |
| | | 5/522 G | 22.22 | 1223+61 | 698+35 | 525+26 | |

| | | | | |
|---|---|---|---|---|
| 5/522 H | 78.52 | 4319+216 | 2463+124 | 1856+92 |
| 5/522 I | 32.25 | 1774+89 | 1012+51 | 762+38 |
| 5/522 J | 24.66 | 1357+68 | 774+39 | 583+29 |
| ആകെ | 273.36 | | | 6247+306 |

100ച.മീറ്ററിൽ താഴെ വിസ്തീർണ്ണം വരുന്ന കെട്ടിട നമ്പറുകൾക്ക് 50 രൂപ നിരക്കിലും ഗ്രാമ പഞ്ചായത്ത് നിർണ്ണയിച്ചിട്ടുണ്ട്. ഉദാ:- 8/417A,C (ശ്രീ.ഹംസ പാറക്കടവത്ത്)

100ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് ടി.ചട്ടം 4(1),5(2) എന്നിവയ്ക്കനുസൃതമായി 50/- രൂപ അടിസ്ഥാന നികുതി പരിഗണിക്കാതെ 30/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ മേൽ പട്ടിക പ്രകാരം മാത്രം[(2389+119)+(29006+ 1443)+(6247+306)] 37642 രൂപ വസ്തു നികുതിയും 1868 രൂപ ലൈബ്രറി സെസ്സും വർഷം തോറും നഷ്ടപ്പെടുന്നു. ഇതേ രീതിയിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ സഞ്ചയ ഡിമാന്റ് രജിസ്റ്ററിൽ നിലവിലുണ്ടെന്ന് പരിശോധിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഒരേ തരം കെട്ടിടങ്ങൾക്ക് ഒരേ നിരക്കിൽ നികുതി നിർണ്ണയം നടത്തുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമം നിഷ്കർശിച്ചിട്ടുള്ളതാണ്. ചട്ട പ്രകാരവും സർക്കാർ ഉത്തരവു പ്രകാരവും മേലേ കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നിർണ്ണയിക്കാതിരുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നതിനു ശേഷം നികുതി നിർണ്ണയം നടത്തിയ വാണിജ്യ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 100ച.മീറ്ററിൽ കൂടുതൽ വരുന്ന എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതി 50/-രൂപ നിരക്കിൽ നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും കുടിശ്ശിക ഉൾപ്പെടെ ഡിമാന്റ് ചെയ്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-22 ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ അപാകതകൾ

കെട്ടിട നിർമ്മാണ അപേക്ഷകളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് 02.12.2015 ലെ 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകൾ നിശ്ചിത മാതൃകയിലുള്ള ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയാണ് തുടർ നടപടി സ്വീകരിക്കേണ്ടത്. ഇത് സംബന്ധിച്ച് സർക്കുലറിൽ വ്യക്തമാക്കുന്ന കാര്യങ്ങൾ താഴെ നൽകുന്നു.

ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ സംബന്ധിച്ച എല്ലാ തുടർ നടപടി വിവരങ്ങളും ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. രേഖപ്പെടുത്തലുകൾക്കിടയിൽ രജിസ്റ്ററിലെ ഉപയോഗിക്കാത്ത പേജുകളും വരികളും റദ്ദ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം. അപേക്ഷകൾ പരിശോധനക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്ന വിവരങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പെർമിറ്റ് അനുവദിക്കുകയാണെങ്കിൽ ഫീസ് അടച്ച വിവരം, പെർമിറ്റ് നമ്പർ , തിയ്യതി എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിച്ച് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും ക്രമപ്രകാരം അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും പരിശോധനാ വിവരം തിയ്യതി വച്ച് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.രേഖപ്പെടുത്തലുകൾക്കിടയിൽ രജിസ്റ്ററിലെ ഉപയോഗിക്കാത്ത പേജുകളും വരികളും റദ്ദ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ: പെർമിറ്റ് രജിസ്റ്റർ പേജ് നമ്പർ-18,19) ഉപയോഗിക്കാത്ത ഭാഗം റദ്ദ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. )

2. മിക്ക അപേക്ഷകളിലും തുടർനടപടി സംബന്ധിച്ച് യാതൊരു വിവരവും രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. ആയതിനാൽ പെർമിറ്റ് അനുവദിച്ചിട്ടുണ്ടോ ഇല്ലയോയെന്ന് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല (ഉദാ: ക്രമ.നം.1-5, 7-9, 11-14, 16-22, 24-40, 42-43, 45-46, 48-49, 51-52, 54-55, 63, 65-70, 71, 75-78, 82, 83-85, 87-91, 92, 95-97, 100-109, 110-111, 114-115, 117, 120-121, 123-125, 127-129, 131, 134, 141, 144, 148, 170-171,
177, 181, 182, 184, 185, 189-90, 192, 195, 196, 207)
2022-23 സാമ്പത്തിക വർഷത്തിലും ഇതേ രജിസ്റ്റർ തുടരുന്നു. അതിലും ഈ അപാകത തുടരുന്നു ഉദാ.ക്രമനം.3, 5, 21, 22, 25,26, 28, 32, 37, 40, 41, 43, 44, 46-49, 51-53, 55, 57, 59, 61, 65, 68, 69, 73, 78, 80, 83, 84, 92 മുതൽ 156 വരെയും.)

3. പെർമിറ്റ് രജിസ്റ്റർ സെക്രട്ടറി കൃത്യമായി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
4. പെർമിറ്റ് രജിസ്റ്ററിൽ ഓരോ പേജിലും വരികൾ വിട്ട് ക്രമനമ്പർ ഇടുകയും പിന്നീട് ബാക്ക് ഡേറ്റ് രേഖപ്പെടുത്തി സപ്ലിമെന്ററി ക്രമ നമ്പർ ആയി എഴുതി ചേർക്കുന്നു. ( ഉദാ.പേജ് 14 ൽ 49A,50A,50B, പേജ് 15 ൽ 53A,54A,54B.)
5. രജിസ്റ്ററിൽ ക്രമ നമ്പർ രേഖപ്പെടുത്തുന്നില്ല. ( ഉദാ.പേജ് 28 ൽ A3/1210/22/2.2.22 )
6. ഫയൽ നമ്പറും അപേക്ഷകരുടെ പേരും മാത്രം രേഖപ്പെടുത്തിയിരിക്കുന്നു.കെട്ടിടം സംബന്ധിച്ചോ തുടർ നടപടി സംബന്ധിച്ചോ യാതൊരു വിവരവും രേഖപ്പെടുത്തുന്നില്ല. ( ഉദാ. പേജ് 36- 39 ക്രമ നമ്പർ. 92 മുതൽ 156 വരെ)
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ കുറിപ്പിന് (27/29.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ, ബങ്കുകൾ - വാടക പിരിച്ചെടുത്തിട്ടില്ല.

കോവിഡ്-19-ന്റെ രണ്ടാം തരംഗം വ്യാപകമായ സാഹചര്യം പരിഗണിച്ച് തദ്ദേശ സ്വയം സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ലോക്ക് ഡൌൺ സമയത്ത് പ്രവർത്തിക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് വാടക കുറവ് ചെയ്ത് നൽകുന്നത് സംബന്ധിച്ച് വാടക ഇളവിന് തീരുമാനം എടുക്കാൻ അനുമതി നൽകികൊണ്ട് 19.05.2021 തീയ്യതിയിലെ സ.ഉ (സാധാ) നം. 1015/2021/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതു പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 18.6.21 ലെ നമ്പർ : 1 തീരുമാന പ്രകാരം കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ലോക്ക് ഡൌൺ മൂലം തുറക്കാൻ കഴിയാത്തതുമായ ബങ്കുകളുടെ മെയ് 2021, ജൂൺ 2021 മാസങ്ങളിലെ വാടക ഒഴിവാക്കി നൽകുന്നതിന് ഐക്യകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു. 28.9.21 ലെ തീരുമാനം നം.1 പ്രകാരം 2021 മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ ബങ്കുകളുടെ വാടക ഒഴിവാക്കി കൊടുക്കുന്നതിനും തീരുമാനിച്ചു. 15.12.21 ലെ 20 നമ്പർ തീരുമാനപ്രകാരം 8/21,9/21,10/21 മാസങ്ങളിലെ വാടകയും ഇളവ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. 26.2.2022 ലെ 4/1 തീരുമാന പ്രകാരം ആകെയുള്ള 41 ബങ്കുകളിൽ 15 എണ്ണം മൂന്ന മാസത്തിലധികമായി വാടക അടക്കുന്നില്ലെന്നും അവയുടെ വാടക കുടിശ്ശിക പിഴ സഹിതം പിരിച്ചെടുക്കാൻ തീരുമാനിച്ചു. അപ്രകാരം തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 31/29.11.22) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.
വാടക രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തിൽ വാടക ഈടാക്കിയായി കാണുന്നില്ല രജിസ്റ്റർ പ്രകാരം 2021-22 ലെ ഈയിനത്തിലെ കുടിശ്ശിക വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| കെട്ടിട നം | പേര്, വിലാസം | മാസവാടക/ ലേല തുക | കുടിശ്ശികയുള്ള വാടക/ ലേല തുക | SGST | CGST | ആകെ | കുടിശ്ശിക മാസം |
|---|---|---|---|---|---|---|---|
| ബങ്ക് 102 | മുഹമ്മദ് വിരുത്തുള്ളിയിൽ | 1627 | 3254 | 292 | 292 | 3838 | 11,12/21 |
| 105 | മുഹമ്മദ് റഫീഖ് | 6720 | 6720 | 202 | 202 | 7124 | 11/21 |
| 106 | അബ്ദുൽറൗഫ് | 2886 | 2886 | 260 | 260 | 3406 | 1/21 |
| 107 | അബ്ദുൽ ഹമീദ് | 1490 | 1490 | 134 | 134 | 1758 | 11/21 |
| 117 | ഷഫീഖ് മൊയ്തീൻ | 4229 | 21145 | 1905 | 1905 | 24955 | 11/21 To 3/22 |
| 121 | പരമേശ്വരൻ | 5658 | 5658 | 509 | 509 | 6676 | 11/21 |
| 122 | അബൂബക്കർ | 6413 | 6413 | 577 | 577 | 7567 | 11/21 |
| GF9(ഷോപ്പിംഗ് കോംപ്ലക്സ്) | ഗോപാലൻ കുണ്ടംപള്ളിയാലിൽ | 2725 | 2725 | 245 | 245 | 3215 | 4/21 |
| FF2(ഷോപ്പിംഗ് കോംപ്ലക്സ്) | പ്രസിഡന്റ് & സെക്രട്ടറി മുസ്ലീം കൾച്ചറൽ | 608 | 3040 | 275 | 275 | 3590 | 11,12/21, 1-3/22 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സൊസൈറ്റി | | | | | | |
| GF2 | മൊയ്തീൻകുട്ടി പി | 1102 | 1102 | 99 | 99 | 1300 | 11/21 |
| GF14 | കെ.പി.അശോകൻ | 843 | 843 | 114 | 114 | 1071 | 11/21 |
| | ആകെ | | 55276 | 4612 | 4612 | 64500 | |

കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഷിക കണക്കിലെ RP43 പ്രകാരം കെട്ടിടങ്ങളിൽ നിന്നുള്ള വാടക കുടിശ്ശിക (കറന്റ്) 4,31,307/- രൂപയാണ്. ഇത് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 ലേലങ്ങൾ - ഫയൽ സൂക്ഷിപ്പിൽ ജാഗ്രതയില്ലായ്മ

ഓഡിറ്റിന് ലഭ്യമാക്കിയ ലേല ഫയലിൽ ലേല ഡയറിയോ ലേലം കൊണ്ടയാളുമായി ഉണ്ടാക്കിയ കരാറോ ഇല്ല. സെക്ഷൻ ചുമതലയുള്ള ക്ലർക്ക് മുമ്പ് ചാർജ് വഹിച്ചിരുന്നയാൾ ലേലം നോട്ടീസും ലേല രജിസ്റ്ററും ഒഴികെ യാതൊന്നും കൈമാറിയിട്ടില്ല എന്ന് 24.3.22 28 ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകളുടെ സൂക്ഷിപ്പിൽ കാര്യക്ഷമമായ മേൽനോട്ടത്തിന്റെ അഭാവം ഉണ്ടായിട്ടുണ്ട്.ഓഡിറ്റിന് ലേലം സംബന്ധിച്ച മുഴുവൻ രേഖകളും കണ്ടെടുത്ത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (എൻക്വയറി 29/29-11-22)

## 1-25 ബജറ്റ് -മാന്വൽ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്

1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ 2021-22 വർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ അപാകതകൾ ചുവടെ ചേർക്കുന്നു

I) ബജറ്റ് രൂപീകരണം സംബന്ധിച്ച താഴെപറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസലുകൾ ഹാജരാക്കിയിട്ടില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ നോൺ പ്ലാൻ പ്രൊപ്പോസൽ മാത്രമാണ് ഫയലിൽ ഉള്ളത്.

2.പഞ്ചായത്ത് ഓഫീസിന്റെ പ്രൊപ്പോസൽ Annexure 3&4 പ്രകാരം സെക്രട്ടറി തയ്യാറാക്കിയത് ഹാജരാക്കിയിട്ടില്ല.

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത് Annexure 5.1&5.2 ഹാജരാക്കിയിട്ടില്ല.

4.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ വാർഷിക റിവ്യൂ നടത്തി ഇതു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

II) ബജറ്റ് നടപടി ക്രമങ്ങളും ബജറ്റ് മാന്വൽ പ്രകാരമുള്ള സമയക്രമവും പാലിച്ചതായി കാണിക്കുവാൻ പര്യാപ്തമായ രേഖകൾ ഒന്നും ഹാജരാക്കിയില്ല. ബജറ്റ് രൂപീകരണം സംബന്ധിച്ച് വിവിധ സ്ഥാപന മേധാവികളുടെ യോഗം ഡിസംബർ 15 ന് മുൻപായി വിളിച്ച് ചേർക്കേണ്ടതാണ്. ആയത് പാലിച്ചതായി രേഖകൾ ലഭ്യമല്ല.
ബജറ്റ് രൂപീകരണത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.(എൻക്വയറി 26/29-11-22)

## 1-26 ദുരിതാശ്വാസ നിധി രൂപീകരിച്ച വിവരവും രേഖകളും ലഭ്യമാക്കിയില്ല

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിര സഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.
ഇതിനായി പഞ്ചായത്തിൽ ബാങ്ക് അക്കൗണ്ട് തുടങ്ങുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തത വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രേഖകളും രജിസ്റ്ററുകളും സഹിതം

ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 22/28.11.22) മറുപടി ലഭ്യമാക്കിയില്ല

## 1-27 പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സം ചെയ്യുന്നു

വൗച്ചർ. 22100632/30.12.21 – 9500 രൂപ

സെക്രട്ടറിയുടെ 10.12.21 ലെ എ2- 6995/21 നമ്പർ ഉത്തരവിൽ 4.8.21 ലെ 16- നമ്പർ തീരുമാനപ്രകാരം 22- ാം വാർഡിൽ കളത്തിൽപടി റോഡ് റിപ്പയർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അത് പ്രകാരം റോഡ് റിപ്പയർ ചെയ്ത് ഉപയോഗ യോഗ്യമാക്കിയെന്നും ഓവർസിയറുടെ വാല്വേഷൻ പ്രകാരം 9500 രൂപ ചെലവ് വരുമെന്നുമുള്ളതിന്റെ അടിസ്ഥാനത്തിൽ എന്ന രേഖപ്പെടുത്തി വാർഡ് മെമ്പർ ശ്രീമതി. ടി.കോമളം എന്നവരുടെ 3909118000019 നമ്പർ അക്കൗണ്ടിലേക്ക് 9500 രൂപ കൈമാറിയിട്ടുണ്ട്. എന്ത് പ്രവൃത്തിയാണ് ചെയ്തത് എന്നതിന്റെ എസ്റ്റിമേറ്റും വാല്വേഷൻ വിശദാംശങ്ങളും എന്തടിസ്ഥാനത്തിലാണ് തുക വാർഡ് മെമ്പറുടെ അക്കൗണ്ടിലേക്ക് കൈമാറിയതെന്നും ഫയലിൽ ഇല്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതുവരെ 9500/- രൂപ തടസ്സത്തിൽ വെക്കുന്നു.
(ഓഡിറ്റ് എൻക്വയറി 5/25.11.22 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-28 വാടക കുടിശ്ശിക 11.80 ലക്ഷം രൂപ പിരിച്ചെടുത്തില്ല.

2021-22 വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക, ലീസ് ഓഫ് ലാന്റ് എന്നീയിനങ്ങളിലെ കുടിശ്ശികയായി 11,80,277 രൂപ താഴെ പറയും പ്രകാരം പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.
Rent From Buildings ( Current)- 99420
Rent Of Lease Of Land ( Current)- 498605
Rent Of Lease Of Land ( Arrear)- 582252 ആകെ 11,80,277 രൂപ. ഇതു സംബന്ധിച്ച് താഴെ പറയും പ്രകാരം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് ( ഓഡിറ്റ് എൻക്വയറി 23/28.11.22) മറുപടിയൊന്നും ലഭ്യമാക്കിയില്ല.
1. വാടക കുടിശ്ശിക നാളിതു വരെ പിരിച്ചെടുത്തതിന്റെ വിശദാംശം.
2. വാടക സംബന്ധിച്ച അംഗീകാരം ലഭിച്ച ബൈലോ .
3. പഞ്ചായത്തിന്റെ ആസ്തിയായുള്ള കടമുറികളുടെ അടിസ്ഥാന വിവരങ്ങളടങ്ങിയ രജിസ്റ്റർ.(പഞ്ചായത്തിന്റെ വാടകക്ക് നൽകുന്ന റൂമുകളുടെ എണ്ണം, അവയുടെ കെട്ടിട നമ്പർ, വിസ്തീർണ്ണം, നിലവിൽ എത്ര മുറികളിൽ വാടകക്കാർ ഉണ്ട്, നിലവിൽ എത്ര മുറികളിൽ ഒഴിഞ്ഞ് കിടക്കുന്നുണ്ട് എന്നീ വിവരങ്ങൾ )
4) വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ വിവരം.
തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള കുറ്റമറ്റ സംവിധാനം ഗ്രാമപഞ്ചായത്തിൽ ഇല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ച് പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല എന്ന് കാണുന്നു. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള വിവരം ഉൾപ്പെടുത്തിയതായി കാണുന്നില്ല.മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്.
ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം19/27.11.22) ക്ക്

റേഷൻ കടകൾ ഉൾപ്പെടെയുള്ളവ ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-30 സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത

സ്റ്റോക്ക് രജിസ്റ്ററുകൾ പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകളും സർക്കുലറുകളും നിലവിലുണ്ട്.
1.കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനം, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ആയത് പാലിക്കുന്നില്ല.
2.വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല. പർച്ചേസ് ചെയ്ത ഉപകരണങ്ങളുടെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ എന്നിവയും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. നിലവിൽ സ്റ്റേഷനറി, ഫോറങ്ങൾ എന്നിവയ്ക്കായി സൂക്ഷിക്കുന്ന രജിസ്റ്ററിൽ തന്നെയാണ് കംപ്യൂട്ടർ ഉൾപ്പെടെ രേഖപ്പെടുത്തുന്നത്. സർക്കാർ നിർദ്ദേശ പ്രകാരം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.
( ഓഡിറ്റ് എൻക്വയറി 17/28-11-2022)

## 1-31 സ്യൂട്ട് രജിസ്റ്ററും ഫയലുകളും ഹാജരാക്കിയില്ല.ചെലവ് തടസ്സം ചെയ്യുന്നു

വൗച്ചർ നം.22100943/30.3.22 – 12000 രൂപ, വൗച്ചർ നം.22100943/30.3.22 – 3000 രൂപ- ആകെ 15000 രൂപ ദണ്ഡപാണി അസ്സോസിയേറ്റ്സ്, കൊച്ചിൻ എന്ന സ്ഥാപനത്തിന് WPC(2542/2019 നമ്പർ കേസിൽ അഡ്വക്കേറ്റ് ഫീസായി നൽകിയിട്ടുണ്ട്. പ്രസ്തുത കേസ് ഫയലും സ്യൂട്ട് രജിസ്റ്ററും ഹാജരാക്കുന്നതിന് (ഓഡിറ്റ് എൻക്വയറി 34/30.11.22) ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. ചെലവു തുക 15000 രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 കണ്ണട അലവൻസ് നൽകിയത്- സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയില്ല.

ഓഡിറ്റ് കാലയളവിൽ താഴെ പറയും പ്രകാരം ജീവനക്കാർക്ക് കണ്ണട വാങ്ങുന്നതിനായി അലവൻസ് നൽകിയിട്ടുണ്ട്.
തനത് ഫണ്ട് ചെക്ക്- 013216/5.1.22 – 4500 രൂപ

വൗച്ചർ- 22100665/5.1.22 - 1500 രൂപ ശ്രീമതി.സുനിമോൾ, സീനിയർ ക്ലർക്കിന്
വൗച്ചർ- 22100666/5.1.22 - 1500 രൂപ ശ്രീമതി.നിസരി മേനോൻ, ഓഫീസ് അറ്റന്റർക്ക്
വൗച്ചർ- 22100667/5.1.22 - 1500 രൂപ ശ്രീ.ദിലൻ ജോസ്, അസി.സെക്രട്ടറിക്ക്

ശ്രീമതി.സുനിമോൾ, ശ്രീമതി.നിസരി മേനോൻ എന്നിവരുടെ സേവന പുസ്തകങ്ങൾ പരിശോധിച്ചതിൽ മേൽ ആനുകൂല്യം അനുവദിച്ച വിവരം രേഖപ്പെടുത്തിയതായി കാണുന്നില്ല. ശ്രീ.ദിലൻ ജോസ്, അസി.സെക്രട്ടറി നിലവിൽ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്യാത്തതിനാൽ സേവന പുസ്തകം പരിശോധനക്ക് ലഭ്യമായിട്ടില്ല. ഇക്കാരണത്താൽ ഇതേ ആനുകൂല്യം അർഹമായ കാലയളവിനു മുമ്പ് വീണ്ടും അനുവദിക്കാൻ സാധ്യതയുണ്ട് എന്നതിനാൽ സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതും അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി 14/26.11.22 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-33 വാർഡ് സാനിറ്റേഷൻ-ബാങ്ക് ഇടപാടുകളുടെ വിവരം ലഭ്യമാക്കിയില്ല

മഴക്കാലപൂർവ്വ ശുചീകരണത്തിനായി 23 വാർഡ് സമിതികൾക്ക് വൗച്ചർ 22100043/17.04.21 പ്രകാരം 230000 രൂപയും, വൗച്ചർ 22100047/3.06.21 പ്രകാരം 230000 രൂപയും, ആകെ 460000 രൂപ വാർഡ് സമിതികളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വാർഡ് സമിതികളുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/26.11.22) നൽകിയതിനെ തുടർന്ന് വാർഡ് സമിതി കൺവീനർമാരുടെ ലഭിച്ച തുക ചെലവഴിച്ചു എന്ന സാക്ഷ്യപത്രവും വൗച്ചറുകളും ലഭ്യമാക്കിയെങ്കിലും ബാങ്ക് പാസ്ബുക്ക്/ ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ ഇടപാടുകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനും മുൻവർഷങ്ങളിൽ നൽകിയ തുക ഉൾപ്പെടെ നീക്കിയിരിപ്പ് ഉണ്ടോ എന്നതുൾപ്പെടെ പരിശോധിക്കുന്നതിനും സാധ്യമായിട്ടില്ല. ബാങ്ക് പാസ്ബുക്ക്/ ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 4,60,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-34 എം.ജി.എൻ.ആർ.ഇ.ജി.എസ് മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല.

തനത് ഫണ്ടിൽ നിന്നും 2021-22 സാമ്പത്തിക വർഷം എം.ജി.എൻ.ആർ.ഇ.ജി.എസ് ജീവനക്കാർക്ക് വേതനം നൽകുന്നതിനായി 1097310 രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ 3,79,660 രൂപ കേന്ദ്രഫണ്ട് ലഭിച്ചത് റീ-ക്ലപ്പ് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 717650 രൂപ ക്രമീകരിക്കാൻ ബാക്കിയുണ്ട്. ഓഡിറ്റ് എൻക്വയറി (10/26.11.22) മറുപടിയായി 717650 രൂപയിൽ 396640 രൂപ 30.08.22 ന് മറുപടിയായി 717650 രൂപയിൽ 396640 രൂപ 30.08.22 ന് ലഭിച്ചതായും 2023 മാർച്ച് 31 നകം ക്രമീകരിച്ച് അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. മേൽ തുക തനത് ഫണ്ടിലേക്ക് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയില്ല

30-05-2009 -ലെ സ.ഉ(എം.എസ്)1275/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാത്ത കുടിവെള്ള സ്കീമുകളെ സംബന്ധിച്ചിടത്തോളം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടെങ്കിൽ ആയത് നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും തുടർന്ന് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിനും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

എന്നാൽ ഗ്രാമ പഞ്ചായത്തിലെ 2, 4, 6, 13, 15, 19, 20, 23 എന്നീ വാർഡുകളിലെ ജനറൽ വിഭാഗത്തിലെ കുടിവെള്ള പദ്ധതികൾ നാളിത് വരെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ലഭ്യമായ ചെലവ് രേഖകൾ അനുസരിച്ച് മേൽ പദ്ധതികളുടെ നടത്തിപ്പിനായി 2021-22 കാലയളവിൽ തനത് ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് 1217863 രൂപയും പമ്പ് ഓപ്പറേറ്റർമാർക്ക് വേതനം നൽകുന്നതിനായി 1066400 രൂപയും മെയിന്റനൻസ് ചാർജ്ജായി 9800 രൂപയും ആകെ 2294063 രൂപ താഴെ പട്ടിക പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| മാസം | ആകെ തുക | വൗച്ചർ നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| ഏപ്രിൽ 2021 | 144140 | 22100018/5-4-21 | 536 | വൈദ്യുതി ചാർജ് |
| | | 22100019l/5-4-21 | 9110 | വൈദ്യുതി ചാർജ് |
| | | 22100022/5-4-21 | 6894 | വൈദ്യുതി ചാർജ് |
| | | 22100026/5-4-21 | 1910 | വൈദ്യുതി ചാർജ് |
| | | 22100039/15-4-21 | 218 | വൈദ്യുതി ചാർജ് |
| | | 22100041/15-4-21 | 129 | വൈദ്യുതി ചാർജ് |
| | | 22100042/15-4-21 | 1162 | വൈദ്യുതി ചാർജ് |
| | | 22100048/19-4-21 | 123747 | വൈദ്യുതി ചാർജ് |
| | | 22100064/29-4-21 | 434 | വൈദ്യുതി ചാർജ് |
| | 99200 | 22100020/5-4-21 | 86800 | പമ്പ് ഓപ്പറേറ്റർ വേതനം |
| | | 22100052/14-4-21 | 12400 | പമ്പ് ഓപ്പറേറ്റർ വേതനം |
| മെയ് 2021 | 134117 | 22100095/7-5-21 | 453 | വൈദ്യുതി ചാർജ് |
| | | 22100096/7-5-21 | 5245 | വൈദ്യുതി ചാർജ് |
| | | 22100111/18-5-21 | 128419 | വൈദ്യുതി ചാർജ് |

| | | | | |
|---|---|---|---|---|
| | 96000 | 22100098/7-5-21 | 96000 | പമ്പ് ഓപ്പറേറ്റർ വേതനം |
| ജൂൺ 2021 | 89703 | 22100178/18-6-21 | 2954 | വൈദ്യുതി ചാർജ് |
| | | 22100179/18-6-21 | 539 | വൈദ്യുതി ചാർജ് |
| | | 22100186/27-6-21 | 8884 | വൈദ്യുതി ചാർജ് |
| | | 22100187/24-6-21 | 77326 | വൈദ്യുതി ചാർജ് |
| | 99200 | 22100169/16-6-21 | 99200 | പമ്പ് ഓപ്പറേറ്റർ വേതനം |
| ജൂലൈ 2021 | 127451 | 22100229/14-7-21 | 605 | വൈദ്യുതി ചാർജ് |
| | | 22100239/14-7-21 | 122832 | വൈദ്യുതി ചാർജ് |
| | | 22100241/14-2-21 | 2515 | വൈദ്യുതി ചാർജ് |
| | | 22100262/14-7-21 | 736 | വൈദ്യുതി ചാർജ് |
| | | 22100243/14-7-21 | 763 | വൈദ്യുതി ചാർജ് |
| | 96000 | 22100227/9-7-21 | 96000 | പമ്പ് ഓപ്പറേറ്റർ വേതനം |
| ആഗസ്റ്റ് 2021 | 111470 | 22100229/4-8-2021 | 109 | വൈദ്യുതി ചാർജ് |
| | | 22100299/12-8-21 | 2004 | വൈദ്യുതി ചാർജ് |
| | | 22100377/12-8-21 | 109357 | വൈദ്യുതി ചാർജ് |
| | 99200 | 22100302/12-8-21 | 99200 | പമ്പ് ഓപ്പറേറ്റർ വേതനം |
| സെപ്തംബർ 2021 | 86855 | 22100381/12-4-2021 | 85976 | വൈദ്യുതി ചാർജ് |
| | | 22100390/25-9-21 | 879 | വൈദ്യുതി ചാർജ് |
| | 99200 | 22100370/6-9-21 | 99200 | പമ്പ് ഓപ്പറേറ്റർ വേതനം |
| ഒക്ടോബർ 2021 | 102519 | 22100442/6-10-2021 | 1027 | വൈദ്യുതി ചാർജ് |
| | | 22100443/6-10-2021 | 777 | വൈദ്യുതി ചാർജ് |
| | | 22100460/18-10-21 | 100715 | വൈദ്യുതി ചാർജ് |
| | 84000 | 2210044687-10-21 | 84000 | പമ്പ് ഓപ്പറേറ്റർ വേതനം |
| നവംബർ 2021 | 117761 | 22100548/25-11-20 | 184 | വൈദ്യുതി ചാർജ് |
| | | 22100549/25-11-21 | 106281 | വൈദ്യുതി ചാർജ് |
| | | 221000550/25-11-21 | 1043 | വൈദ്യുതി ചാർജ് |
| | | 22100551/25-11-21 | 8964 | വൈദ്യുതി ചാർജ് |
| | | 22100552/25-11-21 | 1289 | വൈദ്യുതി ചാർജ് |
| | 99200 | 22100553/25-11-21 | 99200 | പമ്പ് ഓപ്പറേറ്റർ വേതനം |
| ഡിസംബർ 21 | 101701 | 22100616/16-12-21 | 100581 | വൈദ്യുതി ചാർജ് |

| | | | | |
|---|---|---|---|---|
| | | 22100619/16-12-21 | 109 | വൈദ്യുതി ചാർജ് |
| | | 22100620/16-2-21 | 1011 | വൈദ്യുതി ചാർജ് |
| ജനവരി 2022 | 58704 | 22100678/12-1-22 | 56787 | വൈദ്യുതി ചാർജ് |
| | | 22100681/12-1-22 | 1410 | വൈദ്യുതി ചാർജ് |
| | | 22100682/12-1-22 | 507 | വൈദ്യുതി ചാർജ് |
| | 195200 | 22100688/12-1-22 | 195200 | പമ്പ് ഓപ്പറേറ്റർ വേതനം |
| | 9800 | 22100672/12-1-22 | 9800 | മെയിന്റനൻസ് |
| ഫെബ്രുവരി 2022 | 217 | 22100759/14-2-22 | 217 | വൈദ്യുതി ചാർജ് |
| മാർച്ച് 2022 | 143225 | 22100835/4-3-2022 | 78469 | വൈദ്യുതി ചാർജ് |
| | | 22100845/9-3-22 | 394 | വൈദ്യുതി ചാർജ് |
| | | 22100853/10-3-22 | 64362 | വൈദ്യുതി ചാർജ് |
| | 99200 | 22100859/11-3-22 | 99200 | പമ്പ് ഓപ്പറേറ്റർ വേതനം |
| ആകെ | 22,94,063 | | | |

കുടിവെള്ള പദ്ധതികൾ അറ്റകുറ്റപ്പണി തീർത്ത് ഗുണഭോക്തൃസമിതിക്ക് കൈമാറാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണെന്ന് മുൻവർഷ റിപ്പോർട്ടുകളിലും പരാമർശമുണ്ട്. എന്നാൽ നടപടികൾ സ്വീകരിച്ചില്ല. 12.12.17 ലെ 6(1)തീരുമാനം പ്രകാരം ഗുണഭോക്തൃ സമിതിക്ക് കൈമാറാൻ തീരുമാനിച്ചെങ്കിലും നടപ്പിലാക്കിയില്ല. പിന്നീട് 27.7.19 ലെ 2(1) തീരുമാന പ്രകാരം നിലവിലുള്ള കേടുപാടുകൾ പൂർണ്ണമായി പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കി DPC അംഗീകാരം വാങ്ങിക്കുന്നതിനും എല്ലാ കുടിവെള്ള പദ്ധതികളും ഡിസംബർ 31 ന് മുമ്പായി ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിനും തീരുമാനിച്ചെങ്കിലും തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഫലപ്രദമായ നടപടികളൊന്നും ഉണ്ടായില്ല. 4.8.21 ലെ 5(2) തീരുമാന പ്രകാരം പഞ്ചായത്തിൽ നിലവിലുള്ള എല്ലാ കുടിവെള്ള പദ്ധതികൾക്കും 2 മാസത്തിനുള്ളിൽ ഗുണഭോക്തൃ സമിതി രൂപീകരിക്കാൻ അംഗീകരിച്ചിട്ടുള്ളതായും കാണുന്നു. എന്നാൽ തനത് ഫണ്ടിൽ നിന്നും ഭീമമായ ചെലവിന് കാരണമാകുന്നത് കൂടാതെ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. മേൽ ചെലവുകൾ സർക്കാർ ഉത്തരവ് പാലിക്കാത്തതിനാൽ ഉണ്ടായതാണ്.ഇതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. ആയതിനാൽ ചെലവ് തുക 22,94,063/- രൂപ തടസ്സം ചെയ്യുന്നു. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി 32/ 30.11.22 ന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് സമാപന മീറ്റിംഗിലും വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്.മറുപടിയായി ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതാണെന്ന് പ്രസിഡന്റ് അറിയിച്ചു.

## 1-36 മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രൊജക്ട് : 6/22, പാലിയേറ്റീവ് കെയർ

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

പരിരക്ഷ പദ്ധതിക്ക വേണ്ടി കെ.എം.എസ്.സി.എല്ലിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം പണം ഒടുക്കിയതിൽ മുഴവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ നം. | പ്രൊഫോർമ ഇൻവോയ്സ് നം. | തുക | ആകെ ലഭിച്ച മരുന്നുകളുടെ വില | ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|
| 6/22,പാലിയേറ്റീവ് കെയർ | 12/21-22 /05.01.22 | PRF3614/ 26.11.21 | 3,50,000 | 155702 | 194298 |

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക മുൻകൂറായി ഒടുക്കുന്നതിനാൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി ചമയ്ക്കുന്ന കരാർപ്രകാരമുള്ള സമയപരിധിക്കകം തന്നെ മരുന്നുകൾ ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

ഓഡിറ്റ് എൻക്വയറി (നമ്പർ. 35/30-11-22) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-37 ന്യൂട്രിമിക്സ് പേയ്മെന്റിൽ ജി.എസ്.ടി. ടി.ഡി.എസ് നടത്തുന്നില്ല

പ്രൊജക്ട് : 08/22, 09/22 അനുപൂരക പോഷകാഹാര പരിപാടികൾ

നിർവ്വഹണം : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം സഞ്ജീവനി ന്യൂട്രിമിക്സ് താഴെക്കോട്, നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് മൊറയൂർ,സമൃദ്ധം കുടുംബശ്രീ യൂണിറ്റ് കുറ്റിപ്പുറം, പുലരി ന്യൂട്രിമിക്സ് കുറവ എന്നീ സ്ഥാപനങ്ങളിൽ നിന്ന് ന്യൂട്രിമിക്സ്, ഗാവിപ്രോ, ന്യൂട്രിമാം മുതലായവ വിവിധ ബില്ലുകൾ പ്രകാരം വാങ്ങിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ഇൻവോയ്സുകൾ പ്രകാരം സാമ്പത്തിക വർഷം ഓരോ സ്ഥാപനവും രണ്ടര ലക്ഷത്തിലധികം രൂപയുടെ ഉൽപ്പന്നങ്ങൾ നൽകിയിട്ടുണ്ട്. CGSTനിയമം, സെക്ഷൻ 51 അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 മുതൽ 2% ജി.എസ്.ടി.TDS നടത്തണം. എന്നാൽ പ്രസ്തുത ഇൻവോയ്സുകൾ പ്രകാരമുള്ള പേയ്മെന്റ് വേളയിൽ നിയമപ്രകാരമുള്ള ജി.എസ്.ടി.TDS നടത്തിയതായി കാണുന്നില്ല.

| ബിൽ നം./തിയ്യതി | ടാക്സ് ഇൻവോയ്സ് / കാഷ് ബിൽ നം./തിയ്യതി | ജി.എസ്.ടി ബാധകമായ തുക | ബാധകമായ ടി.ഡി.എസ്. |
|---|---|---|---|
| 08/22, അനുപൂരക പോഷകാഹാര പരിപാടി (ജനറൽ) | | | |
| 37700191095/10.7.21 | 04/30.4.21 (സമൃദ്ധം കുടുംബശ്രീ യൂണിറ്റ്) | 109800 | 2196 |
| | 01/05.4.21(പുലരി ന്യൂട്രിമിക്സ്) | 246190 | 4924 |
| | 03/03.5.21 (പുലരി ന്യൂട്രിമിക്സ്) | 176250 | 3525 |

| | | | |
|---|---|---|---|
| | 05/05.6.21 (പുലരി ന്യൂട്രിമിക്സ്) | 211680 | 4234 |
| 37700274164/06.8.21 | 10/30.4.21 (നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്) | 118950 | 2379 |
| 37700331229/18.8.21 | 07/07.7.21 (പുലരി ന്യൂട്രിമിക്സ്) | 214515 | 4290 |
| | 84/12.8.21(സഞ്ജീവനി ന്യൂട്രിമിക്സ്) | 117975 | 2360 |
| | 115/09.5.21(സഞ്ജീവനി ന്യൂട്രിമിക്സ്) | 149100 | 2982 |
| 37700481004/05.10.21 | 181/30.7.21 (സമൃദ്ധം കുടുംബശ്രീ യൂണിറ്റ്) | 138000 | 2760 |
| | 09/12.8.21 (പുലരി ന്യൂട്രിമിക്സ്) | 218999 | 4380 |
| | 11/03.9.21 (പുലരി ന്യൂട്രിമിക്സ്) | 218999 | 4380 |
| 37700537217/19.10.21 | 14/06.19.21(പുലരി ന്യൂട്രിമിക്സ്) | 216752 | 4335 |
| 37700568004/25.10.21 | 138/06.10.21 (സഞ്ജീവനി ന്യൂട്രിമിക്സ്) | 143100 | 2862 |
| 37700660728/16.11.21 | 147/01.11.21 (സഞ്ജീവനി ന്യൂട്രിമിക്സ്) | 115250 | 2305 |
| 37700660721/16.11.21 | 18/08.11.21 (പുലരി ന്യൂട്രിമിക്സ്) | 144060 | 2881 |
| 37700779186/14.12.21 | നം. ഇല്ല /02.12.21 (പുലരി ന്യൂട്രിമിക്സ്) | 213570 | 4271 |
| | 17/05.11.21 (പുലരി ന്യൂട്രിമിക്സ്) | 215215 | 4304 |
| | 02/10.12.21 (നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്) | 94250 | 1885 |
| 13/21-22/ 14.12.21 | 176/01.12.21 (സഞ്ജീവനി ന്യൂട്രിമിക്സ്) | 99750 | 1995 |
| 14/11.02.22 | 18/11.01.21 (നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്) | 92750 | 1855 |
| | 29/03.01.22 (പുലരി ന്യൂട്രിമിക്സ്) | 211680 | 4234 |
| | നം. ഇല്ല /02.02.22 (പുലരി ന്യൂട്രിമിക്സ്) | 211680 | 4234 |
| | 227/01.02.22 (സഞ്ജീവനി ന്യൂട്രിമിക്സ്) | 89047 | 1781 |
| | 206/03.01.22 (സഞ്ജീവനി ന്യൂട്രിമിക്സ്) | 97143 | 1943 |
| 15/21-22/23.02.22 | 29/06.02.22 (നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്) | 86214 | 1724 |
| 17/21-22/08.03.22 | 40/04.03.22 (നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്) | 72912 | 1458 |
| | 248/02.03.22 (സഞ്ജീവനി ന്യൂട്രിമിക്സ്) | 89524 | 1790 |
| 18/21-22/16.3.22 | 33/05.3.22 (പുലരി ന്യൂട്രിമിക്സ്) | 211680 | 4234 |
| | 248/02.3.22 (സഞ്ജീവനി ന്യൂട്രിമിക്സ്) | 89524 | 1790 |
| 09/22, അനുപൂരക പോഷകാഹാര പരിപാടി (എസ്.സി.പി) | | | |
| 37700617826/8.11.21 | 76/09.09.21 (നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്) | 129025 | 2581 |
| | 75/11.10.21 (നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്) | 123500 | 2470 |
| 37700649344/10.11.21 | 93/03.11.21 (നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്) | 121550 | 2431 |
| 03/21-22/10.11.21 | | | |
| 04/21-22/16.11.21 | 147/1.11.21 (സഞ്ജീവനി ന്യൂട്രിമിക്സ്) | 115250 | 2305 |
| | ആകെ | | 98078 |

ന്യൂട്രിമിക്സ് സ്ഥാപനങ്ങളുടെ ഇൻവോയ്സുകൾ കമ്പ്യൂട്ടറൈസ്ഡ് അല്ല. ഏതാനും ഇൻവോയ്സുകളിൽ പ്രിന്റഡ് ക്രമ നമ്പരില്ല. ചിലതിൽ നമ്പറുകൾ വെട്ടി തിരുത്തിയിട്ടുണ്ട്. ആയതിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങൾ യഥാർത്ഥ പേയ്മെന്റ് നടത്തുന്ന ഇൻവോയ്സ് വിവരം നികുതി വകുപ്പിന് നൽകുന്ന റിട്ടേണുകളിൽ ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തമല്ല. ആയതിനാൽ ജി.എസ്.ടി. ടി.ഡി.എസ് കൃത്യമായി നടത്തേണ്ടതുണ്ട്. മേൽ പ്രൊജക്ടുകളിൽ ന്യൂട്രിമിക്സ് ഉൽപ്പന്നങ്ങൾ വാങ്ങിയതിൽ ജി.എസ്.ടി. ടി.ഡി.എസ് നടത്താതെ പോയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.30/29.11.22) നൽകിയതിന് അറിവില്ലായ്മ മൂലം സംഭവിച്ചതാണെന്നും വരും വർഷങ്ങളിൽ TDS പിടിക്കുന്നതാണെന്നും മറുപടി നൽകി. ന്യൂട്രിമിക്സ് സ്ഥാപനങ്ങൾ പ്രസ്തുത ബില്ലുകൾ പ്രകാരമുള്ള ജി.എസ്.ടി പൂർണ്ണമായി ഒടുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-38 ഇ-ടെണ്ടർ ഫീ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല

2021-22 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക

പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയോ, ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 11/26.11.2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-39 അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രവൃത്തി നിർവഹണം- അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

2. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.

3. പി.ഡബ്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

4. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. മിക്ക ടെണ്ടറുകളിലും കരാറുകാർ ടെണ്ടർ തുക അക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്, അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല.

6. കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത രേഖ (Acknowledgement) യിൽ തിയതി, കരാറുകാരന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7. മിക്ക പ്രവൃത്തികളിലും സെലക്ഷൻ നോട്ടീസ് ഫയലുകളിൽ ചേർത്ത് വയ്ക്കുന്നില്ല.

8. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ വക്കുന്നില്ല. എസ്റ്റിമേറ്റുകളിൽ സൈറ്റ് ബോർഡിന് പ്രൊവിഷൻ വച്ചിട്ടില്ല.

9. വർക്ക് ഓർഡറിൽ സെലക്ഷൻ നോട്ടീസ് നമ്പർ, കരാർ നമ്പർ, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
റോഡ് കണക്റ്റിവിറ്റി മാപ്പ്, പ്ലാൻ കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

മേൽ അപാകതകൾ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രത്യേകം സൂചിപ്പിച്ചിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.
l0) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 133 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 71 പ്രൊജക്ടുകളിലായി ആകെ 12755901 രൂപയാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 133 | ആകെ അടങ്കൽ | 29320641 |
| നടപ്പിലാക്കിയത് | 71 | ചെലവ് | 12755901 |
| ശതമാനം | 53.3 | ചെലവ് ശതമാനം | 43.5 |

മേൽ പദ്ധതികളിൽ 56 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. സ്പിൽ ഓവർ പ്രവൃത്തികളിൽ 15 പ്രവൃത്തികൾ ഈ വർഷത്തിലും നിർവഹിക്കാൻ സാധിച്ചിട്ടില്ല. ഒരു അസിസ്റ്റന്റ് എഞ്ചിനിയർ , രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ കൂടുതലായി പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

11. റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല .

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

12. രജിസ്റ്ററുകളുടെ പരിപാലനം

കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-40 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം -സംബന്ധിച്ച്

ജി ഒ (എം എസ്) 72/17 തസ്വഭവ 29.3.2017 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1 വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെട്ട അംഗങ്ങളുടെ എണ്ണവും പേര് വിവരവും മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

2 പദ്ധതി രൂപീകരണ പ്രക്രിയയിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുൻവർഷം നടപ്പാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിലയിരുത്തലോ, പുതുതായി നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച ചർച്ചകളോ നടക്കുന്നില്ല. വിവിധ പ്രവൃത്തികളുടെ പേരുകൾ രേഖപ്പെടുത്തുക എന്നതിൽ കവിഞ്ഞ് കാര്യമായ ചർച്ചകൾ നടക്കുന്നില്ല.
3. യോഗ മിനുട്സ് വ്യക്തമായി എഴുതുകയോ കൺവീനർ ആയത് ശരിയായി ക്ലോസ് ചെയ്യുകയോ ചെയ്യുന്നില്ല.

4. പദ്ധതി നിർവഹണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും കാര്യക്ഷമമായി മോണിറ്ററിംഗ് നടത്തുകയും ചെയ്യുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | ലഭിച്ച | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|

| നൽകിയ സ്ഥാപനം | തുക | | തുക | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 850000 | നെൽകൃഷി കൂലിച്ചെലവ് ധനസഹായം,16/2022 | 850000 | 0 |
| | 2038000 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട്(life-sc), 49/2022 | 2038000 | 0 |
| | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 10/2022 | 600000 | 0 |
| | 129907 | കുട്ടികൃഷ്ണൻ റോഡ് കോൺക്രീറ്റ് ചെയ്യൽ, 177/2022 | 129907 | 0 |
| | 350000 | പാലിയേറ്റീവ് കെയർ, 6/2022 | 350000 | 0 |
| ആകെ | 3967907 | | 3967907 | |
| ജില്ലാ പഞ്ചായത്ത് | 850000 | നെൽകൃഷി കൂലിച്ചെലവ് ധനസഹായം,16/2022 | 850000 | 0 |
| | 1020000 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട്(life-sc), 49/2022 | 1020000 | 0 |
| | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 10/2022 | 600000 | 0 |
| | 200000 | വനിതാ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 75/2022 | 200000 | 0 |
| ആകെ | 2670000 | | 2670000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര്/നം | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22100282/04.08.2021 | 7262 | 0 | പൂർത്തീകരിച്ചിട്ടില്ല | 7262 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഭവന പദ്ധതി ലോൺ | ലഭ്യമല്ല | 7383680 | 0 | 4014177 | 1158667 | | 2855510 |

കുറിപ്പ് : ഖണ്ഡിക 1-14(4) കാണുക.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 55000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| ആകെ | 55000 |

നിക്ഷേപത്തിന്റെ വിശദവിവരം കാണിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഖണ്ഡിക 1-11(7) കാണുക

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 65106 രൂപയുടെ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 3-1 | 12271 | മുനീറ ബീവി, അസി എഞ്ചിനീയർ | 121080109820/09.03.2022 |
| 2018-19 | 3-2 | 19033 | മുനീറ ബീവി, അസി എഞ്ചിനീയർ | 121080109821/09.03.2022 |
| 2018-19 | 3-3 | 33802 | മുനീറ ബീവി, അസി എഞ്ചിനീയർ | 121080109822/09.03.2022 |
| | ആകെ | 65106 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 44 | 2004-05 | കളിസ്ഥലം-കൺവീനർക്ക് നൽകിയ അഡ്വാൻസ് | നടപടികൾ തുടരുന്നു |
| 1998-99 | 48 | 2004-05 | കുടിവെള്ള പദ്ധതികൾ നിക്ഷേപം | നടപടികൾ തുടരുന്നു |

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2010-11 | 3(3) | 2014-15 | മണൽ വാരൽ അവലോകനം | നടപടികൾ തുടരുന്നു |
| 2011-12 2012-13 | | 2014-15 | കർഷക തൊഴിലാളി പെൻഷൻ അവലോകനം | ---- |
| 2014-15 | 2(1),2(2),2(3) 2(4),2(5),2(6) | 2016-17 | തൊഴിൽ നികുതി | നടപടികൾ തുടരുന്നു |
| 2016-17 | 3(4) | 2017-18 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല | നടപടികൾ തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ് / സർചാർജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1. | 1996-97 | 43,47,48 എ, ബി, 49 | പി.കുഞ്ഞി മുഹമ്മദ്, സെക്രട്ടറി | 14.12.2001 LF9737/Sp.Cell. SC3/2000 | 9583 | 0 | 9583 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 2. | 1998-99 | 30(1), 30(4) | കെ.കുഞ്ഞി മുഹമ്മദ്, സെക്രട്ടറി | 19.09.2008, 23.09.2008 | 6817 | 0 | 6817 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 3. | 2000-01 | 7-1 | തങ്ക സ്വാമി | LF2139/1, 391/ SPL. CELL SC5/ 2006 ,22.5.2009/ 28.5.2009 | 11731 | 0 | 11731 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 4. | 1996-97 | 53,58,63 | പി.കുഞ്ഞി മുഹമ്മദ്, സെക്രട്ടറി | LF973/spl.cell SC3/00 14.12.2001 | 16118 | 0 | 16118 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 5. | 1996-97 | 50,52,54,56-1, ,56-2, 57,59,60,61,62 | കെ ശ്രീധരൻ | LF9737/Sp.Cell. SC3/2000 14.12.2001 | 6783 | 0 | 6783 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 6. | 1998-99 | 35,36 | പി,ഗംഗാദാസ് | LF15317/spl.cell /sc5/05 , 19.9.2008, 23.09.2000 | 5549 | 0 | 5549 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 7. | 2000-01 | 18 | തങ്ക സ്വാമി | LF2139/1, 391/ SPL. CELL SC5/ 2006, 22.5.2009/ 28.5.2009 | 1028 | 0 | 1028 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 8 | 2006-07 | 3-1 | വി.കെ.മോഹന കൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 35516 | 0 | 35516 | തുടർനടപടി സ്വീകരിച്ചിട്ടില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | 2006-07 | 3-10 | വി.കെ.മോഹന കൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 4855 | 0 | 4855 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 10 | 2006-07 | 2-9 | വി.കെ.മോഹന കൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 5000 | 0 | 5000 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 11 | 2006-07 | 2-14 | വി.കെ.മോഹന കൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 4536 | 0 | 4536 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 12 | 2006-07 | 3-8 | വി.കെ.മോഹന കൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 4773 | 0 | 4773 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 13 | 2008-09 | 3-3 | സി.വി. കൃഷ്ണകുമാർ , സെക്രട്ടറി | LF2643/1,391/ SPL. CELL SD1/ 1231.10.2014 | 23723 | 0 | 23723 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 14 | 2008-09 | 3-3 | സി.വി. കൃഷ്ണകുമാർ , സെക്രട്ടറി | LF2643/1, 391/ SPL. CELL SD1/12, 3.9.15 | 118945 | 0 | 118945 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 139853962 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 133486935 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2778563 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റ് തടസ്സപെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 9500 | ശ്രീ.സുരേഷ് എ, സെക്രട്ടറി |
| 1-31 | 15000 | ശ്രീ.സുരേഷ് എ, സെക്രട്ടറി |
| 1-33 | 460000 | ശ്രീ.നിഷാദ് എസ്,സെക്രട്ടറി-ഇൻ-ചാർജ്ജ് – 230000<br>ശ്രീ.മുഹമ്മദ് റിസ.എ, സെക്രട്ടറി- 230000 |

| | | |
|---|---|---|
| 1-35 | 2294063 | ശ്രീ.നിഷാദ് എസ്,<br>സെക്രട്ടറി-ഇൻ-ചാർജ്ജ് –329550<br>ശ്രീ.മുഹമ്മദ് റിസ.എ, സെക്രട്ടറി- 333244<br>ശ്രീ.സുരേഷ് എ, സെക്രട്ടറി-1011527<br>ശ്രീ. മുജീബ് റഹ്മാൻ, സെക്രട്ടറി-619742 |
| ആകെ | 2778563 | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഏഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1968-69 | എൽ.എഫ്.എം 7/1461/94/ 27-9-94 | 1 |
| 1969-70 | എൽ.എഫ്.എം 7/1462/94/ 27-9-94 | 2 |
| 1971-72 | എൽ.എഫ്.എം 7/1464/94/ 27-9-94 | 3 |
| 1979-80 | എൽ.എഫ്.എം 7/1465/94/ 27-09-94 | 4 |
| 1980-81 | എൽ.എഫ്.എം 7/1466/94/ 27-09-94 | 5 |
| 1981-82 | എൽ.എഫ്.എം 7/1467/94/ 27-09-94 | 12 |
| 1982-83 | എൽ . എഫ് എം 7/1830/28-09-94 | 11 |
| 1983-84 | എൽ . എഫ് എം 7/1831/28-09-94 | 9 |
| 1989-90<br>1990-91 | എൽ . എഫ് എം 7/1307/94/<br>05-8-2004 | 17 |
| 1991-92,1992-93 | എൽ . എഫ് എം 13/93/08-07-1993 | 14 |
| 1996-97 | എൽ എഫ് എം 11/(13) 708/98/<br>29-03-2000 | 18 |
| 1999-00 | എൽ എഫ് എം 12/1477/03/15-5-04 | 33 |
| 2000-01 | എൽ എഫ് എം 12/1478/03/15-5-04 | 33 |
| 2001-02 | എൽ എഫ് എം 12/1479/03/17-5-04 | 10 |
| 2002-03<br>ചെലവ് | എൽ . എഫ് എം 9/1319/06/<br>08.01.2007 | 24 |
| 2002-03<br>വരവ് | എൽ . എഫ് എം 9/2153/07/ 30.01.12 | 9 |

| | | |
|---|---|---|
| 2004-05 ചെലവ് | കെ എസ് എ എം പി എം 13/2190 /22(9)/10.10.2022 | 3 |
| 2005-06 | കെ.എസ്.എ.എം.പി.എം.13/2190 /22(11)/10-10-2022 | 8 |
| 2006-07 | കെ.എസ്.എ.എം.പി.എം.13/2190 /22(12)/10-10-2022 | 15 |
| 2007-08 | കെ.എസ്.എ.എം.പി.എം.13/2190 /22(13)/10-10-2022 | 17 |
| 2008-09 | കെ.എസ്.എ.എം.പി.എം.13/2190 /22(12)/10-10-2022 | 7 |
| 2009-10 | കെ എസ് എ എം പി എം 13/2441/16, 22.01.2018 | 6 |
| 2010-11 | എൽ.എഫ്.എം13/1767/2013/24-03-14 | 17 |
| 2011-12 2012-13 | കെ.എസ്.എ.എം.പി.എം.13/2042 /14/04.11.2015 | 25 |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം.13/1404 /16/28.6.17 | 37 |
| 2015-16 | കെ.എസ്.എ.എം.പി.എം.13/3276 /16/18.4.18 | 30 |
| 2016-17 | കെ.എസ്.എ.എം.പി.എം.13/2033/2017 / 07.05.2022 | 20 |
| 2017-18 | കെ.എസ്.എ.എം.പി.എം.13/2610/2018 / 08.09.2020 | 30 |
| 2018-19 | കെ.എസ്.എ.എം.പി.എം.13/19/2020 /29.04.2022 | 22 |
| 2019-20 | കെ.എസ്.എ.എം.പി.എം.13/1446/2021 /29.04.2022 | 23 |
| 2020-21 | കെ.എസ്.എ.എം.പി.എം.13/1447/2021 /29.04.2022 | 25 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്